**ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**ഹാജർ : ശാലിനി ഗോപിനാഥ്**

ക്ഷീരവികസന വകുപ്പ് - ഡയറക്ടറേറ്റ് - തിരുവനന്തപുരം - ജീവനക്കാര്യം - കോഴിക്കോട് ജില്ലാ ഗുണനിയന്ത്രണ കാര്യാലയത്തിൽ നിന്നും 2013-ൽ താൽക്കാലികമായി കോട്ടയം ജില്ലാ ഗുണ നിയന്ത്രണ കാര്യാലയത്തിലേക്ക് പുനർവിന്യസിച്ച ഡ്രൈവർ തസ്തിക കോട്ടയം ജില്ലാ ഗുണനിയന്ത്രണ കാര്യാലയത്തിൽ സ്ഥിരമായി പുനർവിന്യസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ക്ഷീരവികസന വകുപ്പ്

നം.DDDKER/564/2025-E1 (2) തിരുവനന്തപുരം, തീയതി : 02-10-2025

---

പരാമർശം:- 1. ജി.ഒ. (പി) നം. 334/91/എ.ഡി., തീയതി : 21.11.1991.

2. ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ 06.09.2013 ലെ ഇ1/5588/2013 നമ്പർ ഉത്തരവ്.

3. സ.ഉ. (അച്ചടി) നം. 85/2025/ധന., തീയതി : 04.07.2025.

4. ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ 22.09.2025-ന് കൂടിയ യോഗ മിനിട്ട്സ് തീരുമാനം 3.

## ഉത്തരവ്

ക്ഷീരവികസന വകുപ്പ് കോട്ടയം ജില്ലാ ഗുണനിയന്ത്രണ കാര്യാലയത്തിന് ജില്ലാ പഞ്ചായത്ത് 2012-2013 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയതായി വാഹനം അനുവദിച്ച അവസരത്തിൽ, ടി വാഹനം ഓടിക്കുന്നതിലേക്കായി ടി കാര്യാലയത്തിൽ ഡ്രൈവർ തസ്തികയില്ലാതിരുന്ന സാഹചര്യത്തിലും കോഴിക്കോട് ജില്ലാ ഗുണനിയന്ത്രണ കാര്യാലയത്തിൽ ഡ്രൈവർ തസ്തികയുണ്ടായിരുന്നിട്ടും വാഹനമില്ലാതിരുന്ന സാഹചര്യത്തിലും 2013 -ൽ മേൽപരാമർശം (1) ലെ സർക്കാർ ഉത്തരവിന് വിധേയമായി മേൽപരാമർശം (2) ലെ ഉത്തരവ് പ്രകാരം കോഴിക്കോട് ജില്ലാ ഗുണനിയന്ത്രണ കാര്യാലയത്തിൽ നിന്നും ഒരു ഡ്രൈവർ (ഗ്രേഡ് 2) (എൽ.ഡി.വി.) തസ്തിക കോട്ടയം ഗുണനിയന്ത്രണ കാര്യാലയത്തിലേക്ക് താൽക്കാലികമായി മാറ്റി സ്ഥാപിച്ചിരുന്നു.

മേൽപരാമർശം (3) ലെ ഉത്തരവിന് വിധേയമായി വകുപ്പിൽ നിലവിലുള്ള ഡ്രൈവർ തസ്തികകളെ ഫലപ്രദമായ രീതിയിൽ പുനർവിന്യാസം നടത്തുന്നതിന് വകുപ്പ് മേധാവികൾക്ക് അധികാരം നൽകിയിരുന്നു. ടി സാഹചര്യത്തിൽ 2013-ൽ കോഴിക്കോട് ജില്ലാ ഗുണനിയന്ത്രണ കാര്യാലയത്തിൽ നിന്നും താൽക്കാലികമായി കോട്ടയം ജില്ലാ ഗുണനിയന്ത്രണ കാര്യാലയത്തിലേക്ക് പുനർവിന്യസിച്ച ഡ്രൈവർ (ഗ്രേഡ് 2) (എൽ.ഡി.വി.) തസ്തിക കോട്ടയം ജില്ലാ ഗുണനിയന്ത്രണ കാര്യാലയത്തിൽ സ്ഥിരമായി നിലനിർത്തി/പുനർവിന്യസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ടി ഉത്തരവ് ഉടൻ പ്രാബല്യത്തിൽ നിലവിൽ വരുന്നതാണ്.

Signed by Salini Gopinath ഡയറക്ടർ
Date: 02-10-2025 17:30:27 (PEN: 498485)

To:- ബന്ധപ്പെട്ട ജീവനക്കാർക്ക് (ഓഫീസ് മേലധികാരി മുഖേന).

പകർപ്പ് :-
1) ഡെപ്യൂട്ടി ഡയറക്ടർമാർ (കോഴിക്കോട്, കോട്ടയം)
2) ഗുണനിയന്ത്രണ ഓഫീസർമാർ (കോഴിക്കോട്, കോട്ടയം) (ഡി.ഡി. മുഖേന).
3) ഡയറക്ടറുടെ മേശപ്പുറത്ത്.
4) അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഫിനാൻസ് ഓഫീസർ എന്നിവരുടെ മേശപ്പുറത്ത്.
5) ജോയിന്റ് ഡയറക്ടർമാർ (ജനറൽ, പ്ലാനിംഗ്).
6) ഈ കാര്യാലയത്തിലെ മറ്റെല്ലാ ഓഫീസർമാർക്കും.
7) മറ്റ് ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്ക് (അറിവിലേക്കായി).
8) പ്രിൻസിപ്പാൾമാർ (എല്ലാ ക്ഷീരപരിശീലന കേന്ദ്രങ്ങൾക്കും).

9) ഡെപ്യൂട്ടി ഡയറക്ടർ, റീജിയണൽ ലാബ്, കാസർഗോഡ്.

10) അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്.

11) പ്രിൻസിപ്പാൾ, ഡി.ഇ.ഡി.സി., അമ്മകണ്ടകര, അടൂർ, പത്തനംതിട്ട.

12) അസിസ്റ്റന്റ് ഡയറക്ടർ, റീജിയണൽ ലാബ്, കോട്ടയം.

13) അസിസ്റ്റന്റ് ഡയറക്ടർ/ഫാം ഹെഡ്, സംസ്ഥാന തീറ്റപ്പുൽക്കൃഷി ഫാം, വലിയതുറ, തിരുവനന്തപുരം.

14) ഈ കാര്യാലയത്തിലെ എല്ലാ സൂപ്രണ്ടുമാർക്കും.

15) ഡെയറി ഫാം ഇൻസ്ട്രക്ടർ, റ്റി.സി. ആന്റ് ഐ.ടി. സെൽ, ഡയറക്ടറേറ്റ് - ഉത്തരവ് വെബ്-സൈറ്റിൽ കൂട്ടിച്ചേർക്കുന്നതിന്).

16) ഈ കാര്യാലയത്തിലെ ഐ.ഡബ്ള്യൂ. സീറ്റിന്.

17) ഈ കാര്യാലയത്തിലെ എഫ്1., എ3 സീറ്റുകൾക്ക്.

18) ഈ കാര്യാലയത്തിലെ മറ്റെല്ലാ സീറ്റുകൾക്കും.

19) നോട്ടീസ് ബോർഡ്.